**ജോർദാനിലെ അമ്മാനിൽ എത്തിയ പ്രധാനമന്ത്രിക്ക് പ്രത്യേക വരവേല്പ് ലഭിച്ചു**

ഡിസംബർ 15, 2025

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി അമ്മാനിൽ എത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള അടുത്ത ബന്ധത്തിന്റെ പ്രതീകമായി, അമ്മാനിലെ വിമാനത്താവളത്തിൽ എത്തിയ പ്രധാനമന്ത്രിയെ ജോർദാൻ പ്രധാനമന്ത്രി ഡോ. ജാഫർ ഹസ്സൻ ഊഷ്മളമായി സ്വീകരിക്കുകയും ആചാരപരമായ വരവേൽപ്പ് നൽകുകയും ചെയ്തു.

2. ജോർദാൻ, എത്യോപ്യ, ഒമാൻ എന്നീ മൂന്ന് രാജ്യങ്ങളിലേക്കുള്ള അദ്ദേഹത്തിന്റെ സന്ദർശനത്തിന്റെ ആദ്യ ഘട്ടമാണിത്. 37 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ജോർദാനിലേക്കുള്ള ഈ സമ്പൂർണ ഉഭയകക്ഷി സന്ദർശനം നടക്കുന്നത്, ഇരുരാജ്യങ്ങളും തമ്മിൽ നയതന്ത്ര ബന്ധം സ്ഥാപിതമായതിന്റെ 75-ാം വാർഷികവും ഇതോടനുബന്ധിച്ച് ആഘോഷിക്കുന്നു.

അമ്മാൻ

ഡിസംബർ 15, 2025